തൃശ്ശൂർ-കുണ്ടുകാട് വടക്കാഞ്ചേരിവഴി കെ.എസ്.ആർ.ടി.സി. സർവ്വീസ്

175 (625) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-കുണ്ടുകാട്-വടക്കാഞ്ചേരിവഴി കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കണം എന്ന നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സർവ്വീസ് എന്ന് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വീസ് ആരംഭിക്കുന്നതിലേക്കായി സാധ്യതാ പഠനം നടത്തുന്നതിന് തൃശ്ശൂർ യൂണിറ്റാഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ലാഭകരമായി നടത്തുവാൻ കഴിയുമെന്ന് ബോദ്ധ്യപ്പെട്ടാൽ സർവ്വീസ് ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

കയ്യൂർ ഗവൺമെന്റ്. ഐ.ടി.ഐ.-യിലെ കുട്ടികളുടെ യാത്ര ദുരിതം പരിഹരിക്കുന്നതിന് നടപടി

176 (626) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ. യിലെ കുട്ടികളുടെ യാത്രാദുരിതം പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കുന്നതിനായി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എപ്പോൾ അനുകൂല നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

നിവേദനം ലഭിച്ചിട്ടില്ല.

പുതുതായി വാങ്ങിയ മിനി ബസ്സുകൾ

177 (627) ശ്രീ. സൈമൺ ബ്രട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മിനി ബസ്സുകളും ഷോർട്ട് വീൽ ബെയ്സ്ഡ് ബസ്സുകളും പുതുതായി വാങ്ങി നിരത്തിലിറക്കാൻ കഴിഞ്ഞിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര ബസ്സുകൾ ആലപ്പുഴ ജില്ലയിൽ സർവ്വീസ് നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം ബസ്സിന്റെ ലഭ്യതക്കുറവുമൂലം ആലപ്പുഴ-അമ്പലപ്പുഴ തീരദേശ സർവ്വീസിൽ നിർത്തൽ ചെയ്ത ബസ്സുകൾ പുനഃസ്ഥാപിക്കാതിരിക്കുകയും ആലപ്പുഴ-ഹരിപ്പാട് എൻ.എച്ച്. റോഡിലൂടെ ഇത്തരത്തിലുള്ള ബസ്സുകൾ സർവ്വീസ് നടത്തുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത റൂട്ടിൽ കൂടുതൽ സർവ്വീസ് ആരംഭിക്കുന്നതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി എം.എൽ.എ.മാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; ഇതുസംബന്ധിച്ച് എന്തുനടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മിനി ബസ്സുകൾ വാങ്ങിയിട്ടില്ല. 221 ഷോട്ട് വീൽ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

ജില്ല തിരിച്ചുള്ള വിവരം :

തിരുവനന്തപുരം	-	56
കൊല്ലം	-	34
ആലപ്പുഴ	-	7
പത്തനംതിട്ട	-	11
എറണാകുളം	-	13
ഇടുക്കി	-	17
കോട്ടയം	-	15
മലപ്പുറം	-	1
പാലക്കാട്	-	6
തൃശ്ശൂർ	-	13
കോഴിക്കോട്	-	15
കണ്ണൂർ	-	19
വയനാട്	-	13
കാസർഗോഡ്	-	1
ആകെ	-	221

(ബി) ആലപ്പുഴ ജില്ലയിലേക്ക് 7 എണ്ണം അനുവദിച്ചിട്ടുണ്ട്.

(സി) ആലപ്പുഴ യൂണിറ്റിൽനിന്നും മിനിബസ്സും ഷോർട്ട് വീൽ ബെയ്സ്ഡ് ബസ്സും ഉപയോഗിച്ച് 07.00 മണി അമ്പലപ്പുഴ-അറക്കപ്പൊഴി, 06.45 ചെമ്പുംപുറം

LIBRARY ARCHIVES Kerala Legislative Assembly

എന്നീ ഷെഡ്യൂളുകളുടെ 6 ട്രിപ്പുകൾ വരുമാനം കൂടുതൽ ലഭിക്കുന്നതിനുവേണ്ടി ബൈറൂട്ടുകൾ ഒഴിവാക്കി നാഷണൽ ഹൈവേയിൽക്കൂടി സർവ്വീസുകൾ നടത്തി വരികയാണ്.

(ഡി) ഉണ്ട്. ഷോർട്ട് വീൽ ബെയ്സ്ഡ് ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആലപ്പുഴ - അമ്പലപ്പുഴ തീരദേശ റൂട്ടുകളിൽക്കൂടി ലാഭകരമായി നടത്തുവാൻ കഴിയുന്നരീതിയിൽ സർവ്വീസുകൾ ആരംഭിക്കുവാൻകഴിയുമോ എന്നകാര്യം പരിശോധിക്കുന്നതാണ്.

തിരുവനന്തപുരം സെൻട്രൽ ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനം

178 (628) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. നിർമ്മിക്കുന്ന ആധുനിക ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) തിരുവനന്തപുരം സെൻട്രൽ ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുത ബസ് ടെർമിനൽ-കം-ഷോപ്പിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പ്രസ്തുത ടെർമിനലുകൾക്ക് പുറമെ മറ്റെവിടെയൊക്കെ ഇത്തരം പുതിയ ടെർമിനലുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാണിജ്യ പ്രാധാന്യമുള്ള ബസ്സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു. ഒന്നാംഘട്ടമായി 30 ബസ് സ്റ്റേഷനുകളിലും അനന്തരം രണ്ടാംഘട്ടമായി 29 ബസ് സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാംഘട്ടമായി 30 ബസ് സ്റ്റേഷനുകളിൽ അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ), പേരൂർക്കട, സ്റ്റാഫ് ട്രെയിനിങ് സെൻട്രൽ (ഫോർട്ട്, തിരുവനന്തപുരം), മലപ്പുറം, തിരുവല്ല, കരുനാഗപ്പള്ളി എന്നീ ബസ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ബി.ഒ.റ്റി. അടിസ്ഥാനത്തിൽ കേരളാ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.റ്റിഡി.എഫ്.സി.) മുഖാന്തിരം

LIBRARY ARCHIVES Kerala Legislative Assembly